പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 337 28.10.2019- ൽ മറുപടിയ്ക്ക്

'എന്റെ കൂട് പദ്ധതി'

ചോദ്യം
ശ്രീ.കെ.ജെ.മാക്സി

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ പുതുതായി രൂപീകരിച്ച ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| (സി) | ഇതിന്റെ ഭാഗമായുള്ള 'എന്റെ കൂട് പദ്ധതി' 'സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി', 'കൈത്താങ്ങ് പദ്ധതി' എന്നിവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദാംശം ലഭ്യമാക്കുമോ; | (സി) | **എന്റെ കൂട് പദ്ധതി**<br>നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും (12 വയസ്സ് വരെയുള്ള ആൺകുട്ടികൾക്കും) രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത പദ്ധതിയാണ് 'എന്റെ കൂട്.' ടി പദ്ധതി പ്രകാരമുള്ള സ്ഥാപനങ്ങൾ കോഴിക്കോട് ജില്ലയിലെ കസബപോലീസ് സ്റ്റേഷനു സമീപവും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. താമസം സൗജന്യമാണ്. |

| | | | |
|---|---|---|---|
| | | | സ്റ്റഡിയോ അപ്പാർട്ട്മെന്റ് പദ്ധതി:- വനിതാ ശിശുവികസന വകുപ്പിൽ നടപ്പാക്കുന്നില്ല.<br><br>കൈത്താങ്ങ് പദ്ധതി<br>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാ വർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത അഞ്ച് പഞ്ചായത്തുകളുടെ 5 വാർഡ് തെരഞ്ഞെടുത്ത് ഇത്തരത്തിൽ 70 പഞ്ചായത്തുകളിലെ 35 വാർഡുകളിൽ പൈലറ്റടിസ്ഥാനത്തിൽ 'കൈത്താങ്ങ്' കർമ്മസേന രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.<br>ഓരോ വാർഡിലെയും ശിഥില കുടുംബങ്ങൾ/പ്രശ്നമുണ്ടാകാൻ സാധ്യത-യുള്ള കുടുംബങ്ങൾ/മദ്യപാനം/ മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമുള്ള കുടുംബങ്ങൾ എന്നിവ കണ്ടെത്തുകയും ഈ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ, ശരണബാല്യം, അങ്കണവാടി പോഷകപൂർണ്ണ പദ്ധതി എന്നിവയുടെ പ്രവർത്തനം സർക്കാർ | (ഡി) & (ഇ) | **ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ:**<br>മെച്ചപ്പെട്ട സംരക്ഷണം, കഴിവുകൾ മെച്ചപ്പെടുത്തൽ, ശക്തി പോഷിപ്പിക്കൽ, വൈകല്യങ്ങൾ അഭിമുഖീകരിക്കൽ, |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | മാർഗ്ഗനിർദ്ദേശം നൽകൽ, നല്ല രക്ഷകർതൃത്വം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയുടെ ഭാഗമായി രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രണ്ട് മാസം കൂടുമ്പോൾ ജീവനക്കാരുടെ റിവ്യൂ മീറ്റിംഗ് ICPS-ന്റെ ഭാഗമായി വിളിച്ചു ചേർക്കാറുണ്ട്. ടി റിവ്യൂ മീറ്റിംഗിൽ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, പ്രോഗ്രാം മാനേജർ ICPS തുടങ്ങിയവർ പങ്കെടുക്കാറുണ്ട്. കൂടാതെ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് സ്കൂളുകൾ മുഖാന്തിരമായതിനാൽ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ വർഷവും പദ്ധതിയുമായി സഹകരിക്കുന്നവരുടെ മീറ്റിംഗ് സംഘടിപ്പിക്കുന്നുണ്ട്. നിലവിൽ ORC പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ സ്കൂളുകളുടെ എണ്ണം കൂട്ടുന്നതിന് ഉദ്ദേശിക്കുന്നതിനാൽ കേന്ദ്രസഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>**<u>ശരണബാല്യം</u>**<br><br>വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ബാലവേല, ബാലഭിക്ഷാടനം, ബാലചൂഷണം എന്നിവ തടയുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ശരണബാല്യം, ടി പദ്ധതിയുടെ ഉദ്ദേശത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി IEC വസ്തുക്കൾ രൂപകല്പന ചെയ്തു ജില്ലയിലെ 10 പ്രധാന കേന്ദ്രങ്ങളിൽ വിവിധ |
| (ഇ) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തെല്ലാം സഹായം ലഭ്യമാക്കിയെന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുകയും ടി ബോർഡുകളിൽ ബാലവേല, ബാലഭിക്ഷടനം എന്നിവ കണ്ടെത്തിയാൽ അറിയിക്കേണ്ട പ്രധാന നമ്പരുകൾ, അഡ്രസ്സുകൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു. ചൈൽഡ് റെസ്ക്യൂ ഓഫീസർമാർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ശരണബാല്യം പ്രോജക്ടിന്റെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതിനായി വർക്ക് ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. നിലവിൽ ശരണബാല്യം പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭ്യമാകുന്നില്ല.<br><br>**അങ്കണവാടി പോഷകപൂർണ്ണ പദ്ധതി**<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതി വകുപ്പിൽ നടപ്പിലാക്കുന്നുണ്ട്. 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള കലോറി, പ്രോട്ടീൻ അളവുകൾക്ക് അനുസൃതമായി ടി പദ്ധതി പ്രകാരം പോഷകാഹാരം നൽകിവരുന്നു. അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് മോണിംഗ് സ്നാക്ക്സ്, ഉച്ചഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ ഉറപ്പ് വരുത്തുന്നു. 2 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വേണ്ട അനുബന്ധ ആഹാരം, ഭക്ഷണം നൽകേണ്ട രീതി എന്നിവ സംബന്ധിച്ച ബ്രോഷറുകൾ അച്ചടിക്കുകയും ആയത് ഭവന സന്ദർശന വേളകളിൽ അമ്മമാർക്ക് വിതരണം ചെയ്യുകയും ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.<br>50% കേന്ദ്ര സഹായത്തിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയ്ക്ക് 6 |

| | | | |
|---|---|---|---|
| | | | മാസംമുതൽ **6** വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 8/-രൂപ (4:4) നിരക്കിലും ഗുരുതര പോഷക കുറവുള്ള കുട്ടികൾക്ക് 12/-രൂപ (6:6) നിരക്കിലും P& L (Pregnant and Lactating) വിഭാഗത്തിന് 9.50/-രൂപ (4.75: 4.75) രൂപ നിരക്കിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക ചെലവഴിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മുഖ്യ പദ്ധതികളുടെയും ടി പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

### 1. അങ്കണവാടി സർവ്വീസസ് (ജനറൽ)

ആറ് വയസ്സിനു താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയ തലത്തിൽ നടപ്പിലാക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. അങ്കണവാടി കേന്ദ്രങ്ങളുടെ ഒരു സംയോജിത പാക്കേജായി പൂരക പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസുകൾ, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം തുടങ്ങിയ സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നു.

### 2. സംയോജിത ശിശു സംരക്ഷണ പദ്ധതി

ജുവനൈൽ ജസ്റ്റിസ്, ദത്തെടുക്കൽ എന്നീ പദ്ധതികളുടെ നിലവിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ശിശു സംരക്ഷണവും. ശിശുക്കൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി, അഭയ ഭവനങ്ങൾ, തുറന്ന അഭയ ഭവനങ്ങൾ, കുട്ടികൾക്ക് പിന്തുണ നൽകൽ എന്നിവയും പദ്ധതിയിൽ പെടുന്നു. വിഷമകരമായ സാഹചര്യങ്ങളിലുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നതിനായി സുരക്ഷയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമപരമായി പ്രശ്നങ്ങളുള്ള കുട്ടികൾ, അപകടത്തിൽപെട്ട കുടുംബങ്ങളിലെ കുട്ടികൾ, സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരുടെ മറുനാടൻ തൊഴിലാളികളുൾപ്പടെയുള്ളവരുടെ കുട്ടികൾ, പരമ ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബത്തിലെ കുട്ടികൾ, HIV, AIDS രോഗബാധിതരായ കുട്ടികൾ, അനാഥർ, ലഹരി പദാർത്ഥങ്ങൾക്ക് അടിമകളായ കുട്ടികൾ, ലൈംഗികമായ ചൂഷണത്തിന് വിധേയരായവരും, കടത്തപ്പെട്ടവരുമായ കുട്ടികൾ, ജയിൽ പുള്ളികളുടെ മക്കൾ, തെരുവു കുട്ടികളും, ശൈശവ തൊഴിലാളികളും എന്നിവർക്ക് ഈ പദ്ധതിയിൽ സഹായം നൽകുന്നു.

### 3. നിർഭയ

സംസ്ഥാന നിർഭയ നയത്തിൽ വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ- ലൈംഗികാതിക്രമങ്ങൾ തടയൽ ഉറപ്പാക്കൽ, ഇരകൾക്ക് മെച്ചപ്പെട്ട സംരക്ഷണ സേവനങ്ങൾ നൽകൽ, താഴെത്തട്ടിൽ നിന്നുള്ള ഇടപെടൽ, സാമൂഹ്യ മേൽനോട്ട സംവിധാനം, ഫലപ്രദമായ പുനരധിവാസം, അനന്തര ശുശ്രൂഷ പരിപാടി മുഖേന

ഇരകളെ അതിജീവിക്കാൻ പ്രാപ്തരാക്കുക എന്നിവയാണ് നിർഭയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ 11 ജില്ലകളിലായി 13 നിർഭയ ഹോമുകളും, സംസ്ഥാനതലത്തിൽ ഒരു നിർഭയ സെല്ലും പ്രവർത്തിച്ച വരുന്നു.

## 4. പ്രധാൻ മന്ത്രി മാതൃ വന്ദന യോജന

തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവ കാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ചെറിയ ഒരു പരിധി വരെ പരിഹരിക്കുന്നതിനും ഗർഭ പ്രസവ കാലയളവിൽ സ്ത്രീയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണീ പദ്ധതി. 19 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ സജീവ പ്രസവത്തിന് 5,000/- രൂപ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യമായി നൽകുന്നു. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ഇല്ലാത്തവരും മറ്റേതെങ്കിലും പ്രസവാനുകൂല്യം ലഭിക്കാത്തവരുമായ എല്ലാ സ്ത്രീകളും പദ്ധതി ഗുണഭോക്താക്കളാകുന്നതിന് അർഹരാണ്.

## 5. അനുപൂരക പോഷകാഹാര പദ്ധതി

3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം നൽകുക എന്ന ലക്ഷ്യം നിറവേറ്റാനുള്ള ഒരു കേന്ദ്ര പദ്ധതിയാണ് അനുപൂരക പോഷകാഹാര പദ്ധതി. സംസ്ഥാന സർക്കാരിന്റെ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം എന്നീ പരിപാടികളിലൂടെ അങ്കണവാടികളുടെ മേൽ നോട്ടവും നിയന്ത്രണവും പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്തവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ് മാനദണ്ഡ പ്രകാരം നിശ്ചയിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ, പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിക്കുന്ന തരത്തിലുള്ള ആഹാര സാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ട്. അങ്കണവാടി സെന്ററുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## 6. സ്വാധാർ ഗ്രഹ്

ദുരിത ബാധിതരായ സ്ത്രീകളുടെയും, സാമൂഹിക സാമ്പത്തിക പിന്തുണയൊന്നുമില്ലാത്തവരുടെയും സംരക്ഷണവും, പ്രാഥമികാവശ്യങ്ങളായ പാർപ്പിടം, ഭക്ഷണം, വസ്ത്രം, രോഗ ചികിത്സ എന്നിവ നൽകുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്വാധാർ ഹോമുകളും, ഷോർട്ട് സ്റ്റേ ഹോമുകളും സംയോജിപ്പിച്ച് 2017 –ലാണ് സ്വാധാർ ഗ്രഹ് എന്ന പുതിയ പദ്ധതി ആരംഭിച്ചത്. കേരളത്തിൽ ഏഴ് കേന്ദ്രങ്ങൾ സ്വാധാർ ഗ്രഹ് ആയി പ്രവർത്തിച്ച വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വാധാർ ഗ്രഹ് കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്.

## 7. ഉജ്ജ്വല

മനുഷ്യക്കടത്ത് തടയൽ, രക്ഷപ്പെടുത്തൽ, പുനരധിവാസം എന്നിവയ്ക്കായുള്ള സമഗ്ര കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല. നിലവിൽ 3 സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ച വരുന്നു.

## 8. മഹിള ശക്തി കേന്ദ്ര

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള ശക്തി കേന്ദ്ര.

## 9. അക്രമങ്ങളിൽ നിന്നും രക്ഷപ്പെടുന്നവർക്കുള്ള ആശ്വാസ നിധി

ലൈംഗിക കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ലൈംഗിക അക്രമം, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും, കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## 10. സഹായഹസ്തം

55 വയസ്സിനു താഴെ പ്രായമുള്ളവരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് സഹായഹസ്തം. വിധവകൾക്ക് ഒറ്റയ്ക്കായോ വനിത ഗ്രൂപ്പ് മുഖേനയോ സ്വയംതൊഴിൽ സംരംഭത്തിനായി 30,000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

## 11. നാഷണൽ ക്രഷ് സ്കീം

സംഘടിത/ അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ 0-6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ പകൽ സമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. കേരളത്തിൽ നാഷണൽ ക്രഷ് സ്കീം പ്രകാരം 571 ക്രഷുകളാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്.

## 12. ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ ഉൾപ്പെടെ കുട്ടികൾക്കായുള്ള സംസ്ഥാന പദ്ധതി

മെച്ചപ്പെട്ട സംരക്ഷണം, കഴിവുകൾ മെച്ചപ്പെടുത്തൽ, ശക്തിപോഷിപ്പിക്കൽ, വൈകല്യങ്ങൾ അഭിമുഖീകരിക്കൽ, മാർഗ്ഗനിർദ്ദേശം നൽകൽ, നല്ല രക്ഷകർത്തൃത്വം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട 304 സർക്കാർ സ്കൂളുകളിൽ ഈ പദ്ധതി നടത്തുന്നു.

## 13. സമ്പുഷ്ട കേരളം (നാഷണൽ ന്യൂട്രീഷൻ മിഷൻ)

ഒരു ജീവിതചക്രസമീപനത്തിലൂടെ തൽസമയ വളർച്ചാനിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവരിലെ ന്യൂനപോഷണം തടയുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സമ്പുഷ്ട കേരളം (നാഷണൽ ന്യൂട്രീഷൻ മിഷൻ. )

**14. ശിശു സൗഹൃദ ടോയിലറ്റുകളുടെ നിർമ്മാണം**

സ്വന്തമായി കെട്ടിടസൗകര്യമുള്ള അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേരളത്തിൽ സ്വന്തം കെട്ടിടമുള്ളതും ടോയ്ലറ്റ് സൗകര്യം ഇല്ലാത്തതുമായ 1638 അങ്കണവാടികൾക്ക് ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**15. അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം**

കേരളത്തിൽ സ്വന്തം കെട്ടിടമുള്ളതും കുടിവെള്ള സൗകര്യമില്ലാത്തതുമായ 1326 അങ്കണവാടികൾക്ക് കുടിവെള്ളസംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്.

**16. അങ്കണവാടികളുടെ നവീകരണം**

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിട സൗകര്യമുള്ളതും കാലപ്പഴക്കം കൊണ്ടും യഥാസമയംഅറ്റകുറ്റപ്പണികൾ നടത്താതെയും ശോചനീയാവസ്ഥയിൽ പ്രവർത്തിക്കുന്നതുമായ 400 അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

17. **SOS മോഡൽ ഹോം**

നിർഭയ ഹോമുകളിലെ താമസക്കാരിൽ 12 വയസ്സിനു താഴെയുള്ള ലൈംഗികാതിക്രമങ്ങൾ അതിജീവിച്ച കുട്ടികൾക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നതിനായി ഒരു മോഡൽ ഹോം തിരുവനന്തപുരത്ത് 16/11/2018 ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**18. ആധാർ എൻറോൾമെന്റ് കിറ്റ് പ്രൊക്യൂർമെന്റ്**

എല്ലാ ഐ സി ഡി എസ്സ് -കളെയും ആധാർ എൺറോൾമെന്റ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 258 ഐസിഡിഎസ് ഓഫീസുകളിൽ ആധാർ എൺറോൾമെന്റ് കിറ്റ് ലഭ്യമാക്കുന്നു.

**19. തേജോമയ ഹോം**

നിർഭയ ഷെൽറ്റർ ഹോമിൽ താമസിക്കുന്ന പഠനത്തിൽ സമർത്ഥരായ കുട്ടികൾക്ക് മാത്രമായി ഒരു പ്രത്യേക സ്ഥാപനം എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**20. ഇന്റഗ്രേറ്റഡ് കെയർ സെന്റർ**

നിർഭയ ഹോമിലെ നിലവിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും MTP കഴിഞ്ഞവർക്കും പ്രത്യേകം പരിഗണനയും സുരക്ഷയും നൽകുന്നതിനു വേണ്ടിയുള്ള നൂതന പദ്ധതി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ടായി ആരംഭിക്കുന്നു.

21. **ഹോം ഫോർ മെന്റൽ ഹെൽത്ത്.**

നിർഭയ ഷെൽറ്റർ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവരും കടുത്ത മാനസ്സികാഘാതം ഉള്ളവരും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കും വേണ്ടിയുള്ള സ്ഥാപനം തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 22. ബാലനിധി

കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പൊതുജന പങ്കാളിത്തത്തോട്ടു കൂടി സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയാണ് ബാലനിധി. സംസ്ഥാനത്തെ പൂർണ്ണമായും ബാലസൗഹൃദമാക്കി മാറ്റുക, കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, കുട്ടികളുടെ അവകാശങ്ങൾ എന്നിവ ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

## 23. കൈത്താങ്ങ് പദ്ധതി

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കുടുംബശ്രീ, ആശാ വർക്കേഴ്സ് , പ്രേരകമാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിക്കുകയും പൈലറ്റ് അടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ വനിതാ ശിശു വികസന വകുപ്പ് മുഖേന പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

## 24. മംഗല്യ പദ്ധതി

കേരളത്തിൽ വിധവകളായ സ്ത്രീകളുടെ സാമൂഹ്യ പുരോഗതിയ്ക്ക് വേണ്ടി വിപ്ലവകരമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. വിധവകളുടെ സാമ്പത്തിക സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മംഗല്യ വിധവാ പുനർവിവാഹ ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകളുടെ പുനർവിവാഹത്തിന് 25,000/- രൂപാ ക്രമത്തിൽ ധന സഹായം നൽകുന്നു.

## 25. അഭയകിരണം

അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് അഭയകിരണം പദ്ധതി. 2018-19 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

## 26. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം

ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് ഗുരുതരമായി കിടപ്പിലായവർ എന്നിവരുടെ മക്കൾക്ക് ഈ പദ്ധതിയിലൂടെ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവരുന്നു. ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 3000 രൂപയും ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 5000 രൂപയും പ്ലസ് ടു അല്ലെങ്കിൽ ITI പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 7500 രൂപയും ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് ഒരു വർഷം 10000 രൂപയും വിദ്യാഭ്യാസ ധനസഹായം ഈ പദ്ധതി പ്രകാരം അനുവദിച്ചു വരുന്നു.

## 27. അതിജീവിക

കുടുംബനാഥൻ രോഗബാധിതനായി കിടപ്പിലാകുകയോ മരിക്കുകയോ ചെയ്യുന്ന കുടുംബങ്ങൾക്ക് ആശ്വാസമായി വകുപ്പാവിഷ്കരിച്ച പദ്ധതിയാണ് അതിജീവിക. കുടുംബനാഥന്റെ അസുഖം, മരണം എന്നിവയോ പ്രകൃതിക്ഷോഭത്താലോ മറ്റ്

കാരണത്താലോ ബുദ്ധിമുട്ടുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ സഹായമായി ഒരു കുടുംബത്തിന് പരമാവധി 50,000/-രൂപ ഇടക്കാല ആശ്വാസമായി ലഭിക്കും.

## 28. പടവുകൾ

വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

## 29. കാവൽ പദ്ധതി

വനിത ശിശു വികസന വകുപ്പ്, ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന NIMHANS ന്റെ സാങ്കേതിക സഹായത്തോടെ സന്നദ്ധ സംഘടനകളുമായി ചേർന്ന് സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ്, കാവൽ പദ്ധതി.

## 30. വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി

സ്വന്തം കുടുംബത്തിൽ കുട്ടികളെ വളർത്തുവാൻ കഴിയാത്ത മാതാപിതാക്കൾ അവരെ താൽപര്യമുള്ള മറ്റ് കുടുംബങ്ങളിൽ നിശ്ചിത കാലയളവിലേക്ക് താമസിപ്പിച്ച് വളർത്തുന്ന പരിപാടിയാണ് ഫോസ്റ്റർ കെയർ (പോറ്റി വളർത്തൽ പദ്ധതി). 14 ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ ഫോസ്റ്റർ കെയർ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

## 31. സ്പോൺസർഷിപ്പ് പ്രോഗ്രാം

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും മാറ്റി കുടുംബത്തിന്റെ സംരക്ഷണത്തിൽ വളർത്തുന്നതിനായി ഐസിപിഎസ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സ്പോൺസർഷിപ്പ് പദ്ധതി. കുട്ടികൾക്ക് പഠന ജീവിത ആവശ്യത്തിനായി പ്രതിമാസം 2000 രൂപാ നിരക്കിൽ ധനസഹായം നൽകി വരുന്നു. അച്ഛനമ്മമാർ ഉപേക്ഷിച്ചതോ മരണപ്പെട്ടതോ ആയ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ രക്ഷിതാവിന്റെ കുട്ടികൾ തടവ്ശിക്ഷ അനുഭവിക്കുന്ന രക്ഷിതാവിന്റെ കുട്ടികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്കാണ് സ്പോൺസർഷിപ്പ് ലഭിക്കുന്നതിന് മുൻഗണന.

## 32. വിജ്ഞാനദീപ്തി

സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് പ്രതിമാസം 2000/- രൂപ വീതം ധനസഹായം നൽകുന്ന സ്പോൺസർഷിപ്പ് പദ്ധതിയായ വിജ്ഞാനദീപ്തി പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## 33. ഉജ്ജ്വല ബാല്യം

വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെയും അവരുടെ ഉന്നമനത്തിനായും അവകാശങ്ങൾക്കായും നിസ്വാർത്ഥമായും സേവനം ചെയ്യുന്നവരെയും കണ്ടെത്തി അവർക്കായി 'ഉജ്ജ്വല ബാല്യം പുരസ്കാരം' എന്ന പേരിൽ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന 5 വയസ്സിനും

18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെയാണ് പ്രസ്തുത അവാർഡിന് പരിഗണിക്കുന്നത്. ഒരു ജില്ലയിൽ നിന്നും ഒരു കുട്ടിയ്ക്കാണ് ഓരോ വർഷവും അവാര്ഡ് നൽകുന്നത്. അവാർഡ് തുക 25,000/-രൂപയാണ്.

**സെക്ഷൻ ഓഫീസർ**